**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **07-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻ മന്ത്രി ഗ്രാമ് സഡക് യോജന -ഫേസ് III (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനായുള്ള ശിപാർശകളാണ് ഇനി പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ; | (എ) | പി.എം.ജി.എസ്.വൈ. 3 യിൽ ഉൾപ്പെട്ട പാക്കേജ് നം.കെ.ആർ 10-104 ചുണ്ടമ്പറ്റ വിളയൂർ തത്തനാപുള്ളി റോഡ്, പാക്കേജ് നം.കെ.ആർ 10-105 പപ്പടപ്പടി തത്തനാപുള്ളി സ്നേഹപുരം റോഡ് എന്നീ പ്രവൃത്തികളാണ് പട്ടാമ്പി മണ്ഡലത്തിൽ പരിഗണനയിലുള്ളത്. ഇവയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതും ടെണ്ടർ നടപടികൾ നടന്നുവരുന്നതുമാണ്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടക്കുന്ന ഏതെല്ലാം ഗ്രാമീണ റോഡുകളിലാണ് ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്നും ആയതിന്റെ റീസ്റ്റോറേഷനാവശ്യമായ തുക ഇനിയും ലഭിക്കാത്ത സ്ഥലങ്ങളുണ്ടോയെന്നും അറിയിക്കാമോ; | (ബി) | പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്നതിൽ, കെ.ആർ 10-85 കാരക്കുത്ത് മഞ്ഞന്ത്ര തിരുവേഗപ്പുറ റോഡ് പ്രവൃത്തിയിലാണ് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയ്ക്കായി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണത്തിനു മുമ്പായി ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകിയിട്ടില്ലായെങ്കിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഡി.എൽ.പി. (ഡാറ്റ ലോസ് പ്രിവൻഷൻ) പ്രകാരം സാധിക്കാത്ത സ്ഥിതിയുണ്ടാകുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് നിർമ്മാണത്തിന് മുമ്പായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി പി.എം.ജി.എസ്.വൈ. നിർവ്വഹണ ഉദ്യോഗസ്ഥർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി, എസ്റ്റിമേറ്റ് തയ്യാറാക്കി, ആവശ്യമായ തുക അടവാക്കിയതിനു ശേഷം അനുമതി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ